**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3963** | **11.11.2019**- ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഭിന്നശേഷിക്കാർക്കും രോഗബാധിതർക്കും സഹായകരമാംവിധം നടപ്പിലാക്കിയ ആശ്വാസ കിരണം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ആശ്വാസകിരണം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2016 മാർച്ച് വരെ ഏകദേശം 63,544 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. 2011 മുതൽ 2016 മാർച്ച് വരെ കെട്ടികിടന്ന 23,804 അപേക്ഷകളടക്കം 2017 മാർച്ച് വരെ ലഭിച്ച 90,251 പേർക്ക് 82 കോടി രൂപ 2017 മാർച്ച് വരെയുള്ള ധനസഹായമായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. തുടർന്ന്, 2017-18 കാലയളവിൽ 1,02,952 പേർക്ക് 2017 ഏപ്രിൽ മുതൽ 2017 ഒക്ടോബർ വരെ 73 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ ആകെ 1,20,301 പേർക്ക് 2017 നവംബർ മുതൽ 2018 ജൂൺ വരെയുള്ള ധനസഹായം നൽകി. ടി ഗുണഭോക്താക്കളിൽ 6,584 പേർ മരണപ്പെടുകയും ബാക്കിയുള്ള 1,13,717 പേർക്ക് 2018 നവംബർ വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2019 ഒക്ടോബർ മാസം വരെ കുടിശ്ശിക ഉൾപ്പെടെ ധനസഹായം അനുവദിക്കുന്നതിന് 85,97,00,520/- രൂപ ആവശ്യമുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് എന്നുവരെയുള്ള ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്; ഇനി നല്കാനുള്ള തുകയുടെ വിശദാംശം അറിയിക്കുമോ; കുടിശ്ശികയായ തുക എന്നത്തേയ്ക്ക് വിതരണം നടത്താനാകും; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**